**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 130**

**04.06.2018 ൽ**
**മറുപടിക്ക്**

## പോലീസ് സേനയുടെ പ്രവർത്തനം ജനകീയമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | എ) പോലീസ് സേനയുടെ പ്രവർത്തനം കൂടുതൽ ജനകീയവും കാര്യക്ഷമവുമാക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളായി മാറ്റിയിട്ടുണ്ട്. മികച്ച സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിന്റെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും, ജി.ഡി രേഖപ്പെടുത്തുന്നതിനും സി.സി.ടി.എൻ.എസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ iAPS സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാവുന്നതും, അവർക്ക് നിജസ്ഥിതി അറിയുന്നതിന് കിയോസ്കുകൾ വഴി സാധിക്കുന്നതുമാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി എഫ്.ഐ.ആർ പൊതുജനങ്ങൾക്ക് കേരളാ പോലീസിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് നേരിട്ട് പോലീസ് സ്റ്റേഷനിൽ എത്താതെ പരാതി സമർപ്പിക്കുന്നതിനും അന്വേഷണ സ്ഥിതി അറിയുന്നതിനും പുതുതായി 'തുണ' എന്ന സിറ്റിസൺ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. പരാതിയും മറ്റും സ്വീകരിക്കുന്നതിന് പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ സംവിധാനം, റിസപ്ഷൻ സംവിധാനം, സീനിയർ സിറ്റിസൺ ഫ്രണ്ട് ലി ഓഫീസർ, വനിതാ ഹെൽപ്പ് ഡെസ്ക് തുടങ്ങി നിരവധി സംവിധാനങ്ങൾ ഏർപ്പെടുത്തി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകി വരുന്നുണ്ട്. |

| | |
|---|---|
| ബി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>സി) ജനമൈത്രി പോലീസ് പദ്ധതി ആവിഷ്കരിച്ചതിനുശേഷം പോലീസ് സേനയിൽ ഉണ്ടായ മാറ്റം വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | ബി) യും സി) യും സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല. സംസ്ഥാന പോലീസ് മേധാവി തലത്തിൽ വിലയിരുത്തിയിട്ടുണ്ട്. ജനമൈത്രി പോലീസ് പദ്ധതി ആവിഷ്കരിച്ച ശേഷം പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും പോലീസ് സ്റ്റേഷനുകളിൽ ജനങ്ങൾക്ക് നിർഭയമായി കടന്നു ചെല്ലുന്നതിനും സ്ത്രീകൾക്കും കുട്ടികൾക്കെതിരെയുമുള്ള അക്രമങ്ങൾ തടയുന്നതിനും വർദ്ധിച്ച വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനും ജനങ്ങളുടെ സുരക്ഷയെ ബാധിക്കുന്ന കാര്യങ്ങൾ ജനമൈത്രി ബീറ്റ് ഓഫീസർ മുഖാന്തിരം മുൻകൂട്ടി അറിഞ്ഞ് നടപടി സ്വീകരിക്കുന്നതിനും മോഷണ കേസ്സുകളുടെ എണ്ണം കുറയ്ക്കുന്നതിനും ജനമൈത്രി സുരക്ഷ ആവിഷ്കരിച്ച ശേഷം സാധിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ